A2/37/2024-CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - പാലക്കാട് സാംസ്കാരിക സമുച്ചയത്തിൽ അനശ്വരഗായകൻ എസ്. പി. ബാലസുബ്രഹ്മണ്യത്തിന്റെ പ്രതിമ സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.733/2025/CLAD തീയതി,തിരുവനന്തപുരം, 22-12-2025

---

പരാമർശം:- 1. മലയാള സിനിമാ ഗായകരുടെ സംഘടനയായ 'സമം'- പ്രസിഡന്റിന്റെ അപേക്ഷ

2. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 21.08.2025 തീയതിയിലെ പി4-920/23/സാം.വ. നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ. ഉണ്ണി കാനായി നിർമ്മിച്ച അനശ്വരഗായകൻ എസ്. പി. ബാലസുബ്രഹ്മണ്യത്തിന്റെ 10 അടി ഉയരമുള്ള ഒരു പ്രതിമ പാലക്കാട് വി. ടി. ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയ കോമ്പൗണ്ടിൽ സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് മലയാള സിനിമാ ഗായകരുടെ സംഘടനയായ 'സമം' പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രതിമയ്ക്ക് വ്യക്തിയുമായുള്ള സാമ്യത ഉറപ്പുവരുത്തിയ ശേഷം, പ്രതിമ സ്ഥാപിക്കുന്നതിനുള്ള ചെലവ് 'സമം' സംഘടന വഹിക്കണമെന്ന വ്യവസ്ഥയിൽ സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് സാംസ്കാരിക സമുച്ചയത്തിൽ അന്തരിച്ച പ്രശസ്ത ഗായകൻ എസ്. പി. ബാലസുബ്രഹ്മണ്യത്തിന്റെ പ്രതിമ സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

പ്രസിഡന്റ്, സിംഗേഴ്സ് അസ്സോസിയേഷൻ മലയാളം മൂവീസ് ,(സമം), തിരുവനന്തപുരം

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 22-12-2025 15:31:56